(ബി) എങ്കിൽ എത്രയെണ്ണം പ്രവർത്തിക്കുന്നുണ്ട്;

(സി) ഇവ ഏതെല്ലാം സേവനങ്ങളാണ് നൽകുന്നതെന്നു പറയാമോ?

ഉത്തരം

(എ—സി) ഹാന്റിക്രാഫ്ട് ഡവലപ്മെന്റ് കോർപ്പറേഷന്റെ കീഴിൽ തിരുവനന്തപുരത്ത് അട്ടകുളങ്ങരയിലും, സുരഭിയുടെ കീഴിൽ എറണാകുളത്ത് കലൂരിലും ഓരോ കോമൺ ഫെസിലിറ്റി സർവ്വീസ് സെന്ററുകൾ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്. മറ്റുള്ള ജില്ലകളിലെ വിവരം ശേഖരിച്ചുവരുന്നു.

കൈത്തറി സഹകരണ സംഘങ്ങളെ സഹായിക്കാൻ നടപടി

111 [4885] ശ്രീ. ടി. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കൈത്തറി സഹകരണ സംഘങ്ങൾക്ക് നൽകി വന്നിരുന്ന 78 ദിവസത്തെ റിബേറ്റ് നിർത്തലാക്കിയതിന്റെ കാരണം വിശദമാക്കുമോ;

(ബി) 2002-ൽ അനുവദിച്ച 13 ദിവസത്തെ റിബേറ്റ് മാർക്കറ്റിംഗ് ഇൻസെന്റീവ് കുറവു ചെയ്യാതെ നൽകുമോ;

(സി) 2003-04 വർഷത്തിൽ കൈത്തറി സഹകരണ സംഘങ്ങൾക്കുള്ള സർക്കാർ ഓഹരി പങ്കാളിത്തത്തിന്റെ ബഡ്ജറ്റ് വിഹിതം കഴിഞ്ഞ കാലത്ത് ഉള്ളതിന്റെ മൂന്നിലൊന്നായി കുറച്ചത് എന്തുകൊണ്ടാണ്;

(ഡി) സർക്കാർ ഈ മേഖലയിൽ നിന്ന് പിൻമാറുന്നതിന്റെ ആദ്യപടിയാണോ ഈ നടപടി എന്ന് വ്യക്തമാക്കാമോ;

(ഇ) അല്ലെങ്കിൽ സംഘങ്ങളുടെ പ്രവർത്തന മൂലധനം അനുവദിക്കുന്നതിന് പുതിയ എന്തെങ്കിലും പദ്ധതികൾ പരിഗണനയിലുണ്ടോ?

ഉത്തരം

(എ) സംസ്ഥാന സർക്കാർ റിബേറ്റ് പൂർണ്ണമായും നിർത്തലാക്കിയിട്ടില്ല. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷമാണ് കേന്ദ്ര സർക്കാരിന്റെ ദിൻ ദയാൽ കൈത്തറി വികസന പദ്ധതി സംസ്ഥാനത്ത് നടപ്പാക്കി തുടങ്ങിയത്. ഈ പദ്ധതി പ്രകാരം പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങൾക്ക് വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ നിശ്ചിത ശതമാനം തുക മാർക്കറ്റിംഗ് ഇൻസെന്റീവ് ആയി നൽകുന്നുണ്ട്. ഈ തുക ഉപയോഗിച്ച് കൈത്തറി സഹകരണ സംഘങ്ങൾക്ക് ഉത്സവകാലങ്ങളിൽ റിബേറ്റ് വിൽപ്പന നടത്താവുന്നതാണ്.

(ബി) ഇതു സംബന്ധിച്ച് യാതൊരു നിർദ്ദേശവും തൽക്കാലം സർക്കാരിന്റെ പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly

(സി) കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് കൂടുതൽ സംസ്ഥാന വിഹിതം ബഡ്ജറ്റിൽ വകക്കൊള്ളിക്കുന്നതിനുവേണ്ടി ചില സംസ്ഥാന പദ്ധതികളുടെ വിഹിതം കുറവു ചെയ്യേണ്ടി വന്നിട്ടുണ്ട്.

(ഡി) അല്ല.

(ഇ) കൈത്തറി മേഖലയിൽ 9-ാം പദ്ധതിക്കാലത്ത് നടപ്പിലാക്കിയിരുന്ന പ്രധാനപ്പെട്ട എല്ലാ പദ്ധതികളും 10-ാം പദ്ധതിക്കാലത്തും തുടരാൻ തീരുമാനിക്കുകയും അവ നടപ്പാക്കുകയും ചെയ്യുന്നുണ്ട്. കൂടാതെ പുതിയ ചില പദ്ധതികളും സംസ്ഥാന സർക്കാർ ആവിഷ്ക്കരിച്ച് നടപ്പാക്കി വരുന്നു. പ്രവർത്തന മൂലധനത്തിന് തുക നബാർഡ് അനുവദിച്ചു വരുന്നുണ്ട്.

പിരിച്ചുവിട്ട ഹാൻവീവ് എം.ഡി. യെ തിരിച്ചെടുക്കുന്ന നടപടി

112 [4886] ശ്രീ. വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ അഴിമതിക്കുറ്റത്തിന് ഹാൻവീവിൽ നിന്നും പിരിച്ചുവിട്ട മുൻ ഹാൻവീവ് എം.ഡി., ടി. സി. രാധാകൃഷ്ണനെ വീണ്ടും ഉദ്യോഗത്തിൽ തിരിച്ചെടുക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ബി) എന്നു ചേർന്ന മന്ത്രിസഭാ യോഗമാണ് ഇങ്ങനെയൊരു തീരുമാനം എടുത്തത്;

(സി) വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ അന്വേഷണത്തിൽ ടി. സി. രാധാകൃഷ്ണന്റെ പേരിൽ എന്തെല്ലാം അഴിമതി ആരോപണങ്ങളാണ് തെളിഞ്ഞിട്ടുള്ളത്; ടിയാന്റെ പേരിൽ ക്രിമിനൽ കേസ് നിലവിലുണ്ടോ; എങ്കിൽ ഏതു കേസ് എന്ന് വ്യക്തമാക്കുമോ;

(ഡി) അഴിമതിക്കുറ്റത്തിന് പുറത്താക്കിയ ടി. സി. രാധാകൃഷ്ണനെ സർവ്വീസിൽ തിരിച്ചെടുക്കാൻ കാരണം എന്തെന്നു വ്യക്തമാക്കുമോ;

(ഇ) ഈ തീരുമാനം റദ്ദാക്കാൻ നടപടി സ്വീകരിക്കുമോ;

(എഫ്) വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ഇതു സംബന്ധിച്ച് നടത്തിയ റിപ്പോർട്ട് ലഭ്യമാക്കുമോ;

(ജി) ടിയാന്റെ പേരിൽ എന്തെല്ലാം ശിക്ഷാ നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ, ബി) ഇക്കാര്യത്തിൽ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. 28-5-2003-ൽ മന്ത്രിസഭ തീരുമാനം കൈക്കൊണ്ടിട്ടുണ്ടെങ്കിലും സർക്കാർ ഉത്തരവിറക്കിയിട്ടില്ല.

(സി) വിജിലൻസ് അന്വേഷണത്തിൽ പ്രോസിക്യൂഷൻ ശുപാർശ ചെയ്തിട്ടില്ല. എന്നാൽ വകുപ്പുതല നടപടി ശുപാർശ ചെയ്തിട്ടുണ്ട്. ക്രിമിനൽ കേസ് നിലവിലുള്ളതായി വ്യവസായ വകുപ്പിന് അറിവില്ല. ഇതു സംബന്ധിച്ചുള്ള വിവരം ശേഖരിച്ച് നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly